**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3569** **12-03-2025 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി ഗവണ്മെന്റ് കോളേജ് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി ഗവണ്മെന്റ് കോളേജ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടം തകർന്നതിനാൽ അവിടെ നിന്നും കോളേജിന്റെ പ്രവർത്തനം മാറ്റണമെന്നാവശ്യപെട്ട് വിദ്യാർത്ഥികളും രക്ഷകർത്താക്കളും പ്രതിഷേധിച്ചിരുന്നോ;ഇതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കരുനാഗപ്പള്ളി സർക്കാർ ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിച്ചു വരുന്ന വാടക കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും അസൗകര്യങ്ങളും പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ അനിശ്ചിതകാല സമരം നടത്തുകയും അതേ തുടർന്ന് വാടകകെടിടം മാറ്റുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ബഹു. കരുനാഗപ്പള്ളി നിയോജകമണ്ഡലം എം.എൽ.എ – യുടെ നിർദ്ദേശാനുസരണം 12/11/2024 ൽ ബഹു. കൊല്ലം ജില്ലാ കളക്ടറുടെ ചേംബറിൽ യോഗം ചേരുകയും, ടി യോഗത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഉള്ള മറ്റൊരു വാടകകെട്ടിടം കണ്ടെത്തി കോളേജിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റുന്നതിന് തീരുമാനം എടുക്കുകയുമുണ്ടായി. നിലവിൽ കോളേജ് പ്രവർത്തിച്ചു വരുന്ന വാടക കെട്ടിടം കോളേജ് പ്രവർത്തനത്തിന് ക്ഷമതയില്ലാത്തത് ആണെന്ന് കാണിച്ചു കൊണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ജില്ലാ കളക്ടർ തലത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കരുനാഗപ്പള്ളി സർക്കാർ ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിച്ചു വരുന്ന വാടക കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും അസൗകര്യങ്ങളും പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ അനിശ്ചിതകാല സമരം നടത്തുകയും അതേ തുടർന്ന് വാടകകെടിടം മാറ്റുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ബഹു. കരുനാഗപ്പള്ളി നിയോജകമണ്ഡലം എം.എൽ.എ – യുടെ നിർദ്ദേശാനുസരണം 12/11/2024 ൽ ബഹു. കൊല്ലം ജില്ലാ കളക്ടറുടെ ചേംബറിൽ യോഗം ചേരുകയും, ടി യോഗത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഉള്ള മറ്റൊരു വാടകകെട്ടിടം കണ്ടെത്തി കോളേജിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റുന്നതിന് തീരുമാനം |

| | | | |
|---|---|---|---|
| | | | എടുക്കുകയുമുണ്ടായി. നിലവിൽ കോളേജ് പ്രവർത്തിച്ചു വരുന്ന വാടക കെട്ടിടം കോളേജ് പ്രവർത്തനത്തിന് ക്ഷമതയില്ലാത്തത് ആണെന്ന് കാണിച്ചു കൊണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റൻറ്റ് എൻഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | കരുനാഗപ്പള്ളി ഗവണ്മെന്റ് കോളേജ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടം പ്രവർത്തനയോഗ്യമല്ലെന്ന് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരുന്നോ; വിശദമാക്കാമോ; | (സി) | കരുനാഗപ്പള്ളി സർക്കാർ ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിച്ചു വരുന്ന വാടക കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും അസൗകര്യങ്ങളും പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ അനിശ്ചിതകാല സമരം നടത്തുകയും അതേ തുടർന്ന് വാടകകെടിടം മാറ്റുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ബഹു. കരുനാഗപ്പള്ളി നിയോജകമണ്ഡലം എം.എൽ.എ – യുടെ നിർദ്ദേശാനുസരണം 12/11/2024 ൽ ബഹു. കൊല്ലം ജില്ലാ കളക്ടറുടെ ചേംബറിൽ യോഗം ചേരുകയും, ടി യോഗത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഉള്ള മറ്റൊരു വാടകകെട്ടിടം കണ്ടെത്തി കോളേജിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റുന്നതിന് തീരുമാനം എടുക്കുകയുമുണ്ടായി. നിലവിൽ കോളേജ് പ്രവർത്തിച്ചു വരുന്ന വാടക കെട്ടിടം കോളേജ് പ്രവർത്തനത്തിന് ക്ഷമതയില്ലാത്തത് ആണെന്ന് കാണിച്ചു കൊണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റൻറ്റ് എൻഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | അപകടാവസ്ഥയിലുള്ള കെട്ടിടം മാറ്റുന്നതിനു കോളേജ് പ്രിൻസിപ്പൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എഞ്ചിനീയറുടെ റിപ്പോർട്ട് ഉന്നത ഉദ്യോഗസ്ഥർക്ക് സമർപ്പിച്ചിരുന്നോ; | (ഡി) | പ്രസ്തുത കെട്ടിടത്തിന്റെ ശോചനീയ അവസ്ഥ, വിദ്യാർഥികൾക്ക് അവരുടെ അടിസ്ഥാനതല ദൈനംദിന പഠനാന്തരീക്ഷത്തെ സാരമായി ബാധിക്കുന്ന സാഹചര്യത്തിന്റെ കാര്യഗൗരവം പ്രിൻസിപ്പാൾ യഥാ സമയം റിപോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പ്രിൻസിപ്പാൾ ലഭ്യമാക്കിയ പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ട്, വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച പരാതികൾ എന്നിവ പരിഗണിച്ച് കെട്ടിടം മാറ്റുന്നതിന് സർക്കാർ അനുമതിക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചു വരുന്ന അവസരത്തിലാണ് പ്രസ്തുത കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന കെട്ടിട ഉടമ ബഹു.ഹൈക്കോടതിയിൽ കോളേജ് മാറ്റി സ്ഥാപിക്കുന്നത് തടയുന്നതിനായി കേസ് നല്കിയിട്ടുള്ളത്.നിലവിൽ ടി വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ് . |
| (ഇ) | കോളേജ് പ്രിൻസിപ്പലിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടോ; അപകടകരമായ സ്ഥിതിയിലുള്ള വാടക കെട്ടിടത്തിന്റെ ഉടമ ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റീഷനിന്മേൽ സർക്കാരും ജില്ലാ | (ഇ) | കോളേജ് പ്രിൻസിപ്പലിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. നിലവിൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിൽ കേസ് നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ കോളേജ് |

| | | | |
|---|---|---|---|
| | കളക്ടറും പ്രിൻസിപ്പലും എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടോ; സത്യവാങ്മൂലങ്ങളുടെ പകർപ്പുകൾ നൽകുമോ; | | വിദ്യാഭ്യാസ വകുപ്പിൽ നിന്നും statement of facts തയ്യാറാക്കി വരുന്നു. |
| (എഫ്) | അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽ നിന്നും കരുനാഗപ്പള്ളി ഗവണ്മെന്റ് കോളേജ് മാറ്റുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | നിലവിൽ കോടതിയുടെ പരിഗണനയിൽ തുടരുന്ന കേസ് ആയതിനാൽ കോടതിയുടെ അന്തിമ തീരുമാനത്തിനനുസൃതമായി നടപടികൾ സ്വീരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ